# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LI - JK 14 | 2018 January 03 | No. 2


### സർക്കുലർ - 3

## വിദ്യാഭ്യാസവാരം : 2018 ജനുവരി 14 – 21

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഏതൊരു സമൂഹത്തിന്റെയും ഉയർച്ചയുടെയും വളർച്ചയുടെയും അടിസ്ഥാന ഘടകമാണ് വിദ്യാഭ്യാസം. സമൂഹത്തിന്റെ പിൻനിരയിലേക്ക് നിരക്ഷരതയുടെ പേരിൽ നീക്കപ്പെടുന്നവരെ ഇനിയും കൈവരിക്കേണ്ട വിദ്യാഭ്യാസ മൂല്യങ്ങളെക്കുറിച്ച് നാം ബോധവാന്മാരാ–ക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തി നേടിയെടുക്കുന്ന ഉൾക്കാഴ്ച്ച ഇരുളിന്റെ മറവിൽ ഇനിയും പ്രകാശിക്കേണ്ട വിളക്കുകൾക്ക് എണ്ണ പകരുന്നു. ലത്തീൻ സമുദായം പടുത്തുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുവളർന്നവർ ഇന്ന് സമൂഹത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നു എന്നുള്ളത് നമുക്ക് അഭിമാനകരമാണ്.

കേരളത്തിൽ അറിവിന്റെ വിത്തുപാകിയത് കടൽ കടന്നുവന്ന മിഷണറിമാരാണെന്ന സത്യം ചരിത്രത്തിന്റെ താളുകളിൽ മങ്ങാതെ നിൽക്കുമ്പോഴും, നമ്മുടെ സമുദായം താഴെത്തട്ടിൽത്തന്നെ നിലനിന്നു പോകുന്നെങ്കിൽ അതിന്റെ പ്രധാനകാരണം നമ്മുടെ നിസംഗതയാണ്.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ നമ്മുടെ സമുദായം വളരുകയുള്ളു എന്ന സത്യം മനസ്സിലാക്കിക്കൊണ്ടാകണം ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് നവദർശൻ എന്ന വിദ്യാഭ്യാസ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

ദർശനവും ദൂരക്കാഴ്ച്ചയും നഷ്ടപ്പെട്ടുപോകുന്ന തലമുറയ്ക്ക് ജീവിത വിജയത്തിന്റെ പുതുവഴികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നവദർശൻ ഇന്നും ആ ദൗത്യം തുടരുന്നു. നവദർശന്റെ ചിറകിൻ കീഴിൽ ആയിരുന്നുകൊണ്ട് വിജയത്തിന്റേയും ആത്മവിശ്വാസ ത്തിന്റേയുമൊക്കെ ചിറകുവിടർത്തി ഉയരങ്ങൾ കീഴടക്കിയവരുടെ എണ്ണം എന്തായാലും കൈവിരലുകളിൽ ഒതുങ്ങുന്നതല്ല. വളർച്ചയുടെ വഴികളിൽ നിങ്ങളാരും ഒറ്റയ്ക്കല്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കൊരു കൈത്താങ്ങായി നവദർശൻ സജീവമായി ഇന്ന് പ്രവർത്തിക്കുന്നു. വിജ്ഞാനത്തിന്റെ പടവുകൾ കയറുവാൻ ശ്രമിക്കുന്ന ഓരോ വിദ്യാർത്ഥിയിലൂടെയും നവദർശൻ ലക്ഷ്യം വയ്ക്കുന്നത് വരാപ്പുഴ അതിരൂപതയുടെതന്നെ വിദ്യാഭ്യാസ പുരോഗതി യാണ്. നവദർശന്റെ ഇടപെടലിലൂടെ വരാപ്പുഴ അതിരൂപതയിലെ വിദ്യാർത്ഥികൾ വിദ്യാഭ്യാസമേഘലയിൽ നാൾക്കുനാൾ വളർന്നു കൊണ്ടിരിക്കുകയാണെന്നതിൽ നമുക്ക് സന്തോഷിക്കാം.

വിദ്യാഭ്യാസ സമിതികളുടെ പിന്തുണയോടെ അതിരൂപതയുടെ എല്ലാ ഇടവകകളിലും വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുവാനും വിജ്ഞാനപരമായും സാമ്പത്തികപരമായും വിദ്യാർത്ഥി കളെ സഹായിക്കുവാനും നവദർശൻ അത്യന്തം പ്രയത്നിക്കുന്നു. നമ്മുടെ അതിരൂപതയിലെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം സ്വപ്നംകണ്ട് നവദർശൻ വിദ്യാഭ്യാസ പദ്ധതിവഴി കരുതൽ നിക്ഷേപമായി 34 കോടിയിലധികം രൂപ സമാഹരിച്ചു എന്നുള്ളത് അതിന് ഉത്തമ ദൃഷ്ടന്തമാണ്.

രണ്ടായിരത്തി ഇരുപതാം ആണ്ടോടെ നമ്മുടെ കുട്ടികൾ അറിവിന്റെ കൊടുമുടികൾ കീഴടക്കുവാൻ സ്വപ്നം കണ്ടുകൊണ്ട് ''വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യപുരോഗതി''എന്ന ആപ്തവാക്യവുമായി നാം ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയാണ് **''എഡ്യുവിഷൻ 2020'.** ഇത് വൈദീകരുടെയും സന്യസ്തരുടെയും അൽമായരുടെയും

സഹകരണത്തോടെ മുന്നേറുമ്പോൾ, വിദ്യാഭ്യാസ വികസന പ്രവർത്ത നങ്ങളിൽ എല്ലാ ഇടവകാംഗങ്ങളുടേയും പങ്കാളിത്തവും സഹകര ണവും ഉറപ്പാക്കുവാനായി 2018 ജനുവരി 14-ാം തീയതി മുതൽ 21-ാം തീയതിവരെ നാം വിദ്യാഭ്യാസവാരമായി ആചരിക്കുക യാണ്. ജനുവരി 14-ാം തീയതി ഞായറാഴ്ച്ച പ്രധാന ദിവ്യബലിക്കു ശേഷം ജ്ഞാനദീപം കൊളുത്തിക്കൊണ്ടായിരിക്കും ഇടവകയിലെ വിദ്യാഭ്യാസ വാരാചരണത്തിന് തുടക്കം കുറിക്കുന്നത്. തുടർന്ന് വിവിധ കർമ്മ പരിപാടികളോടെ വിദ്യാഭ്യാസ വാരാചരണം അർത്ഥവത്താക്കി തീർക്കുവാൻ ഇടവകയിലെ വികാരിയച്ചൻെറ നേതൃത്വത്തിൽ ഇടവക വിദ്യാഭ്യാസസമിതിയും മതബോധന വിഭാഗവും മറ്റു സംഘടനകളും മുൻകൈയെടുക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. 4 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ആത്മവിശ്വാസവും വളർത്തുവാൻ സഹായിക്കുന്ന നവദർ ശൻെറ വിജ്ഞാന കർമ്മപരിപാടികൾക്ക് ഊർജ്ജം പകരണമെന്നും ഞാൻ നിങ്ങളെ ഓരോരുത്തരേയും ഓർമ്മിപ്പിക്കുന്നു.

കഴിഞ്ഞ വർഷം വരാപ്പുഴ അതിരൂപതയിലെ വിവിധ ഇടവക കളിൽ നിന്നായി 2676 വിദ്യാർത്ഥികൾക്ക് 1 കോടി 5 ലക്ഷം രൂപ സ്കോളർഷിപ്പായി നൽകുവാൻ നമുക്ക് സാധിച്ചു. വരുന്ന വർഷങ്ങ ളിൽ ഇതിലും നല്ലരീതിയിൽ സ്കോളർഷിപ്പ് നൽകുന്നതിൻെറ ഭാഗമായി വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസ നിധിയിലേക്ക് അതിരൂപതയിലെ എല്ലാ കുടുംബങ്ങളും കഴിയുന്ന രീതിയിൽ സഹായ സഹകരണങ്ങൾ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇതിനായി ഈ വിദ്യാഭ്യാസവാരത്തിൽ എല്ലാ ഭവനങ്ങളിലേക്കും ഒരു "വിദ്യാഭ്യാസനിധി സമാഹരണ കവർ" നൽകുകയാണ്. ഈ കവറിൽ നിങ്ങളുടെ കഴിവിൻെറ ഒരു ഓഹരി നമ്മുടെ വിദ്യാർത്ഥി കളുടെ ഉന്നത വിദ്യാഭ്യാസ സഹായത്തിനായി നൽകണമെന്ന് സ്നേഹപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ തുക നിങ്ങളുടെ കുട്ടികൾക്കുതന്നെ വർഷാവർഷങ്ങളിൽ നവദർശൻ സ്കോളർഷി പ്പിലൂടെ വന്നുചേരുന്നതാണ്. കഴിഞ്ഞ വർഷത്തിൽ വിദ്യാഭ്യാസനിധി സമാഹരണ കവറിലൂടെ അതിരൂപതാ വിദ്യാഭ്യാസ ഫണ്ടിലേക്ക് 26,10,670/-രൂപ ശേഖരിക്കാൻ സാധിച്ചു. ഇതുവരെ വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസഫണ്ടിലേക്ക് 4 കോടി 65 ലക്ഷം രൂപ

ശേഖരിക്കാൻ നമുക്ക് കഴിഞ്ഞു. അതിരൂപതാ വിദ്യാഭ്യാസ ഫണ്ട് 10 കോടി രൂപയാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഇതിനുവേണ്ടി അക്ഷീണം പരിശ്രമിക്കുന്ന ഫണ്ട് മൊബിലൈസേഷൻ കമ്മിറ്റി ചെയർമാൻ മോൺ.ജോസ് പടിയാരംപറമ്പിലിനെയും, വൈസ് ചെയർമാൻ ഫാ.ജൂഡിസ് പനക്കലിനെയും കൺവീനർ അഡ്വ.വി. എ. ജെറോമിനെയും മറ്റ് കമ്മിറ്റി അംഗങ്ങളേയും നവദർശന്റെ എല്ലാ സരഥികളെയും, ഉപകാരികളെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

വിദ്യാഭ്യാസവാരത്തിൽ 21-ാം തീയതി ഞായറാഴ്ച്ച ദിവ്യബലി മദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച്ചയും കൂടാതെ ഓരോ ഇടവകയിൽ നിന്നും വിദ്യാഭ്യാസനിധി സമാഹരണ കവറിലൂടെ ലഭിക്കുന്ന തുകയും ചേർത്ത് വരുന്ന ഏപ്രിൽ 14-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കു ശേഷം 4 മണിക്ക് അതിരൂപത മന്ദിരത്തിൽവച്ച് ബ. വികാരിയച്ചനും വിദ്യാഭ്യാസ സമിതി കൺവീനറുംചേർന്ന് എന്നെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിൽനിന്നും സമാഹരിച്ച തുകയുടെ കണക്ക് ജീവദീപ്തിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

തുടർവിദ്യാഭ്യാസത്തിനും, ഉന്നത വിദ്യാഭ്യാസത്തിനും, മറ്റ് മത്സര പരീക്ഷകൾക്കും വേണ്ടത്ര ശ്രദ്ധനൽകിയാൽ വിദ്യാഭ്യാസ പുരോഗതിയും, അതുവഴി സാമൂഹ്യ വളർച്ചയും നമുക്ക് കൈവരിക്കാൻ കഴിയും. ഈ ലക്ഷ്യം കൈവരിക്കാൻ അക്ഷീണം പ്രവർത്തിക്കുന്ന ഇടവക വൈദികർ, സന്ന്യസ്തർ, ഇടവക വിദ്യാഭ്യാസസമിതി ഭാരവാഹികൾ എന്നിവരെ ഞാൻ അഭിനന്ദിക്കുന്നു. നിസ്വാർത്ഥമതികളായി സാമ്പത്തിക സഹായം നൽകുന്നവരേയും പ്രാർത്ഥനാപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

പൈതൃകാശീർവാദത്തോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽനിന്ന്, 2018 ജനുവരി 3-ാം തീയതി,

03.01.2018 ✠ **ജോസഫ് കളത്തിപ്പറമ്പിൽ**
എറണാകുളം വരാപ്പുഴ അതിരൂപത, മെത്രാപ്പോലീത്ത

---

N.B.: **ഈ സർക്കുലർ 2018 ജനുവരി 14-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## പ്രതിജ്ഞ

**വിജ്ഞാനത്തിന്റെ / ഉറവിടമായ / ദൈവമെ / വരാപ്പുഴ അതിരൂപത/ സമാരംഭിച്ചിട്ടുള്ള / വിദ്യാഭ്യാസ/വികസന/പ്രവർത്തനങ്ങളിൽ/സജീവമായി /പങ്കുകൊള്ളാമെന്ന് /ഞാൻ വാഗ്ദാനം ചെയ്യുന്നു. / സമുദായത്തിന്റെയും / സമൂഹത്തിന്റെയും / മുന്നേറ്റത്തിന് / വിദ്യാഭ്യാസം / അനിവാര്യമാണെന്ന് / ഞാൻ ഏറ്റുപറയുന്നു. / മെച്ചപ്പെട്ട / വിദ്യാഭ്യാസം / നേടുന്നതിനും / നൽകുന്നതിനും / മൂല്യബോധമുള്ള / പൗരന്മാരെ / രൂപപ്പെടുത്തുന്നതിനും/ എന്റെ / വിലയേറിയ / സമയവും / കഴിവും / വിനിയോഗിക്കുമെന്നും / എന്റെ മാതാപിതാക്കളെയും / ഗുരുജനങ്ങളെയും/ മുതിർന്നവരേയും / ബഹുമാനിക്കാമെന്നും / ഞാൻ പ്രതിജ്ഞ ചെയ്യുന്നു. / ബോധജ്ഞാനത്തിന്റെ / സിംഹാസനമായ / പരിശുദ്ധ മറിയം / എന്റെ ഈ പ്രതിജ്ഞ / നിറവേറ്റാൻ / എന്നെ/ സഹായിക്കുമാറാകട്ടെ. /ആമേൻ**

## വിശ്വാസികളുടെ പ്രാർത്ഥന

1. ദൈവമേ, തിരുസഭയേയും, പരിശുദ്ധപിതാവിനേയും, എല്ലാ മെത്രാന്മാരേയും, പ്രത്യേകമായി ഞങ്ങളുടെ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനേയും അങ്ങയുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. ശാരീരികവും, ആത്മീയവുമായ വരദാനങ്ങളേകി അവരെ കാത്തു പരിപാലിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, ഞങ്ങളാരംഭിക്കുന്ന ഈ വിദ്യാഭ്യാസവാരത്തിൽ ഞങ്ങളുടെ അതിരൂപതാസമൂഹം കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചുനിന്ന്, വിദ്യാഭ്യാസത്തിലൂടെ വളർച്ചനേടുവാനും, കുടുംബത്തിൽ അച്ചടക്കവും, നല്ലശീലങ്ങളും, സ്വായത്തമാക്കി, ജീവിതപുരോഗതി കൈവരിക്കുവാനും അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. എല്ലാ നന്മകളുടേയും ദാതാവായ ദൈവമേ, അതിരൂപതയുടെ ദീർഘകാല വിദ്യാഭ്യാസപദ്ധതിയായ എഡ്യുവിഷൻ 2020–ന്റെ പ്രവർത്തനങ്ങളെയെല്ലാം ഞങ്ങൾ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. ഇതിനായി പ്രയത്നിക്കുന്ന എല്ലാ അതിരൂപതകമ്മിറ്റി അംഗങ്ങളേയും വിദ്യാഭ്യാസപ്രവർത്തകരെയും, വൈദികരും സന്യസ്തരും അൽമായരും ഉൾപ്പെടുന്ന വിദ്യാഭ്യാസസമിതി അംഗങ്ങളെയും എല്ലാ വിദ്യാർത്ഥി സമൂഹത്തേയും അദ്ധ്യാപകരേയും മാതാപിതാക്കളേയും അങ്ങ് അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, എഡ്യൂവിഷൻ 2020–ന്റെ ഭാഗമായി നടപ്പിലാക്കുന്ന അതിരൂപതാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ ആവശ്യമായ സാമ്പത്തികമാർഗ്ഗം കണ്ടെത്തുന്നതിന് രൂപികരിച്ചിട്ടുള്ള വിവിധ ഫണ്ടുകളും, സ്മാരകനിധിയുമെല്ലാം തിരുവിഷ്ടപ്രകാരം പുരോഗതി കൈവരിക്കുവാൻ അങ്ങേ കൃപാകടാക്ഷം ഞങ്ങളിൽ ചൊരിയണമേ. ഈ പദ്ധതിയുടെ വിജയത്തിനായി സാമ്പത്തികസഹായം നൽകി സഹകരിക്കുന്ന എല്ലാവരേയും, അവരുടെ കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ ദൈവമേ, അതിരൂപതാമക്കളുടെ ഉന്നതമായ വിദ്യാഭ്യാസം ലക്ഷ്യമാക്കി വലിയ പദ്ധതിക്ക് തുടക്കം കുറിച്ച് അങ്ങേ സവിധംപൂകിയ ഞങ്ങളുടെ അഭിവന്ദ്യ ഡാനിയേൽ പിതാവിനും അതിരൂപതയിൽ വിദ്യാ വിദ്യാഭ്യാസ രംഗത്ത് മികച്ച സേവനം നൽകി മൺമറഞ്ഞുപോയ എല്ലാവർക്കും നിത്യശാന്തി നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**NOTIFICATION –1**

# Transfers and Appointments

1. **Very Rev. Fr. Ebigin Arackal**
   Chancellor, Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581, Cochin - 682 031.
   &
   Diocesan Judge, Metropolitan Tribunal
   Archdiocese of Verapoly

2. **Rev. Fr. George Mathirappilly**
   Associate Director of Assisi Vidyaniketan Institutions
   &Administrator of Assisi Vidyaniketan Public School
   Chembumukku, Kakkanad - 682 021.

3. **Rev. Fr. George Sequeira**
   Lourdes Hospital
   Pachalam, Cochin - 682 012.

4. **Rev. Fr. Joseph Antony Palliparambil**
   Vice Rector
   St. Joseph's Minor Seminary
   University P.O., Kalamassery - 682 022.

5. **Rev. Fr. Joseph Joy Mathirappilly**
   Parish Priest
   Our Lady of Fatima Church
   Elamkulam, Cochin - 682 020.

6. **Rev. Fr. Rajeev Jose Kainikat**
   Ss. Peter & Paul Church, Kataribagh,
   VenduruthyCochin - 682 004.

7. **Rev. Fr. Shine Philip Chilangara**
Asst. Parish Priest
Infant Jesus Church, Ernakulam -682 031.
& Defender of the Bond
& Promoter of Justice, Metropolitan Tribunal,
Archdiocese of Verapoly

8. **Rev. Fr. Stanley Mathirappilly**
Director, C. A.C. &
Spiritual Director of Christian Service Society (CSS)

03-01-2018 Chancellor
Ernakulam

## NOTIFICATION–2

The following Rev. Brothers of the Archdiocese of Verapoly were ordained Deacons by His Grace the Archbishop Joseph Kalathiparambil at St. Francis Assisi Cathedral, Ernakulam on 28th December 2017.

1. Bro. Lithin Jose Nedumparambil
2. Bro. Paxon Francis Palliparambil
3. Bro. Nibin Kuriakose Pappaliparambil
4. Bro. George Punnakkattussery

Ernakulam Chancellor
03-01-2018 Archdiocese of Verapoly

# NOTIFICATION - 3

## 2016-2017 സാമ്പത്തികവർഷത്തിലെ കണക്കുകൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ച്

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*

2016-2017 സാമ്പത്തികവർഷത്തിലെ നമ്മുടെ പള്ളികളിലെയും സ്ഥാപനങ്ങളിലെയും കണക്കുകൾ ഇനിയും ഏൽപ്പിച്ചിട്ടില്ലായെങ്കിൽ എത്രയും വേഗം അതിരൂപതാ കച്ചേരിയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൊടുത്തുതീർക്കുവാനുള്ള വിശേഷാൽ പിരിവുകളും, ഏഴ് ശതമാനം വിഹിതവും താമസംവിനാ അതിരൂപത കച്ചേരിയിൽ ഏല്പിച്ചിരിക്കേണ്ടതാണ്. പതിനായിരം രൂപയ്ക്ക് (Rs.10000/-) മുകളിലുള്ള സാമ്പത്തിക ഇടപാടുകൾ Cheque/DD/RTGS മുഖേന നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോ വർഷവും വരവിന്റെ 85% ചിലവാക്കിയിട്ടില്ലെങ്കിൽ തൊട്ടടുത്ത വർഷത്തിലെ സെപ്തംബർ മാസം 30-ാം തീയതിക്കുമുൻപ് Income Tax ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. കാരണം, Income Tax Act പ്രകാരം ചിലവാക്കാത്ത തുകയ്ക്ക് Income Tax കൊടുക്കേണ്ടിവരും. ആയതിനാൽ നമ്മുടെ പള്ളികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റ് ചെയ്ത് ഹാജരാക്കാൻ അവസാന തീയതിവരെ കാത്തിരിക്കരുത്. 2017-2018 സാമ്പത്തിക വർഷത്തിലെ കണക്കുകൾ 2018 മെയ് 31നു മുമ്പായി അതിരൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

03.01.2018 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 4

## CENSUS REPORT AND STATISTICAL DATA FOR THE YEAR 2017

Dear Reverend Fathers and Sisters,

The Annual Census Report and Statistical Data for the year 2017 of our parishes and institutions are to be prepared, so as to cover the period from January 1 to December 31, 2017.

You are requested to send this report and also the copies of the Registers of Baptisms, Marriages and Deaths of the year 2017 to our Curia before February 28, 2018. Since the copies of the registers of Baptisms, Marriages and Deaths are to be kept for many years in the Archdiocesan Archives, **please do not send the Photostat or carbon copies.** The carbon and Photostat copies will fade away in a years' time.

**Printed forms of Census and Registers are available in our Archdiocesan Curia.**

May I request you to pay special attention in sending the reports in due time so that we can send the same to Rome on time.

Yours devotedly in Christ Jesus,

Ernakulam | ✠ **Joseph Kalathiparambil**
03-01-2018 | Archbishop of Verapoly

# CASUS
## January, 2017

**A Mixed Marriage** which is also known as a **Mixed Religious Marriage** is, in the strict sense, one that is contracted between a baptized Catholic and a baptized non-catholic. **A Disparity of Cult Marriage** is one that is contracted between a Catholic and non-baptised person.

Before applying for dispensation from the Impediment of Disparity of Cult the parties should be given proper instructions on the main points of Christian doctrine regarding the nature and effects of marriage, moral principles and the obligations arising from the promises. It is good to make clear to the non-catholic (non-baptised) party that the instructions are given not in order to convert him/her, but to supply him/her with such information as will help him/her to lead a happy life with the Catholic party. If the priest goes about this duty tactfully and conscientiously, he will see that in many cases the non-catholic (non-baptised) party is eager to be enlightened on points of Catholic belief and practice. If, in view of marriage, the non-catholic (non-baptised) party is eager to become a Catholic, please note that he/she is not to be baptized unless he/she has received due instructions and there is a founded hope that she/he will persevere in the Christian faith. It is strongly recommended that he/she be asked to do any Catholic initiation course?

Catholic youth must, tactfully yet uncompromisingly, be made aware of the dangers inherent in such marriages. The viewpoint of the Church, with regard to such marriages, must be explained to the faithful, and students of the upper classes of our Schools and Colleges should receive instructions on this subject.

A Catholic man, after receiving CSI faith, married to a CSI woman according to CSI Church law. Three issues of children were born in their marital bond. They have not yet baptized their children in any church. The Catholic party, with his whole family, now wants to return to Catholic faith and approached his former Catholic parish priest. They have no with them any proof of their marriage and it is impossible for them to produce such one from the CSI church because of some technical problems. Now, what are the procedures to be followed by the Catholic parish priest to receive this CSI family in to the Catholic Church?

**Questions**

1. What are the documents to be produced by these CSI family members?
2. Is the CSI woman to be baptized in the Catholic Church and to be received into Catholic Church?
3. Is the marriage blessed in the CSI church a valid marriage?
4. Is it necessary to convalidate their marriage?
5. What do you say about the baptism of three other children?
6. What are the instructions and preparations at present we give to non-catholic (non-baptised) to be received into Catholic faith?
7. What do you mean by LOVE JIHAD?

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21